# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

(സാന്നിധ്യം: ജീവൻ ബാബു. കെ, ഐ.എ.എസ്)

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലെ സ്ഥലംമാറ്റം / സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 03/06/2022 തീയതി കൂടിയ വകുപ്പ്തല സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) മിനിട്ട്സ്
2. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (സി) വകുപ്പിന്റെ 24.02.2012 ലെ സർക്കുലർ നമ്പർ . 8130/ഉ.പ.സി 3/2010/ഉ.ഭ.പ.വ.
3. പ്രധാനാധ്യാപകർ ഈ കാര്യാലയത്തിൽ ലഭ്യമാക്കിയ സ്ഥലംമാറ്റ അപേക്ഷകൾ
4. ബഹു. കെ.എ.ടി മുമ്പാകെ ശ്രീ. സാം. എസ്.എസ് മുതലായവർ ഫയൽ ചെയ്ത 28/11/2022 ലെ ഒ.എ നം.1406/2021, ശ്രീമതി. സിന്ധു. പി.ആർ ബഹു. കെ.എ.ടി മുമ്പിൽ ഫയൽ ചെയ്ത 30/11/2022 ലെ ഒ.എ. നം.1493/2021 എന്നീ വിധി ന്യായങ്ങൾ.
5. 28.02.2023 ലെ ശ്രീ. സജീവ്. സി യുടെ സ്ഥാനക്കയറ്റ പരിത്യജനം റദ്ദ് ചെയ്യുന്നതിനായുള്ള അപേക്ഷ.

## ഉത്തരവ് നമ്പർ ഡി5/06/2023/ഡി.ജി.ഇ, തീയതി. 03/03/2023

1. പരാമർശം (3) പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർ വഴി ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ള സ്ഥലംമാറ്റ അപേക്ഷകൾ പരിശോധിച്ച് ചുവടെ ചേർക്കുന്ന പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അവരുടെ പേരിന് നേരെ കൊടുത്തിട്ടുള്ള കാര്യാലയങ്ങളിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**TRANSFER**

| No | NAME AND PRESENT SCHOOL | TRANSFERRED SCHOOL's | SCHOOL/ OFFICE CODE | REMARKS |
|---|---|---|---|---|
| 1 | Lalitha. A, HM, G.H.S Mannamkandam, Iduki, 29065 | G.M.R.H.S for Girls Kasaragode- | 11056 | |
| 2 | Preetha. K, HM, GHS Karappuzha, Kottayam-33030 | GMVHSS Kasaragode | 11003 | |
| 3 | Mercy Mathew, HM, GHS Naluchira, Alappuzha-35064 | Govt. H. S. S Pazhayannur-Thrissur | 24028 | |
| 4 | Sreeja. P, HM, GSMMGHSS SL Puram, Alappuzha - 34040 | Govt. HSS Kavalayoor, Thiruvananthapuram | 42023 | Medical Ground |
| 5 | Rajan. E, AEO Valapad- 245, Thrissur | AEO Alathur, Palakkad - | 212 | Blind |

1. പരാമർശം (4) പ്രകാരം ശ്രീ. സജീവ്. സി.വി. സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പരാമർശം(2) പ്രകാരം സ്ഥാനക്കയറ്റം നൽകി പേരിന് നേരെ കൊടുത്തിട്ടുള്ള സർക്കാർ കാര്യാലയങ്ങളി ലേയ്ക്ക് 55200 - 115300 എന്ന ശമ്പള നിരക്കിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| PROMOTION | | | | | | |
|---|---|---|---|---|---|---|
| SL No | NAME AND PRESENT SCHOOL | RANK No | DATE OF BIRTH | PREMOTED SCHOOL's & AEO's | SCHOOL/ OFFICE CODE | REMARKS |
| 1 | Sajeev. C.V, HST GHS Thumbamon North, Pathanamthitta | 132/ 2001-06 | 30/05/1970 | AEO Valapad, Thrissur | 245 | RQ Cancelled |

സ്ഥാപന മേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകരെ ഉടൻ പ്രാബല്യത്തിൽ പുതിയ ലാവണങ്ങളിലേക്ക് വിടുതൽ ചെയ്യേണ്ടതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ അധ്യാപകർക്ക് സ്പെഷ്യൽ റൂളിൽ താഴെപ്പറയുന്ന യോഗ്യതകളാണ് എച്ച്.എസ്.എ മാരിൽ നിന്നും ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ആവശ്യമായി വേണ്ടത്.

1. അംഗീകൃത സർവ്വകലാശാലയുടെ ബിരുദം
2. അംഗീകൃത സർവ്വകലാശാലയുടെ ബി.എഡ്/ബി.റ്റി/എൽ.റ്റി
3. അക്കൗണ്ട് ടെസ്റ്റ് ലോവർ& കെ.ഇ.ആർ ടെസ്റ്റ്

**സ്ഥാപനമേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകന് മുകളിൽ പ്രസ്താവിച്ച യോഗ്യതകൾ ഉണ്ടോയെന്ന് സേവനപുസ്തകം പരിശോധിച്ച് ഉറപ്പാക്കിയശേഷം മാത്രമേ സ്ഥാനക്കയറ്റം ലഭിച്ച ലാവണത്തിലേക്ക് വിടുതൽ ചെയ്യാവു** എന്ന് കർശനമായ നിർദ്ദേശം നൽകുന്നു. ഈ ഉത്തരവിൽ ഹയർസെക്കൻഡറി അധ്യാപകർക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ഹയർസെക്കൻഡറി ഡിപ്പാർട്ട്മെന്റിന്റെ അനുമതിയോടുകൂടി മാത്രമേ സ്ഥാനക്കയറ്റ ലാവണത്തിലേക്ക് സ്ഥാപന മേധാവികൾ വിടുതൽ ചെയ്യുവാൻ പാടുള്ളൂ. ഹൈസ്കൂൾ അധ്യാപക തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന ഹയർ സെക്കന്ററി അധ്യാപകരായി സ്ഥാനക്കയറ്റം നേടിയിട്ടുള്ളവരെയാണ് ഹൈസ്കൂൾ പ്രധാനാധ്യാപകരായി സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നത്. പി.എസ്.സി വഴി നേരിട്ട് ഹയർ സെക്കന്ററി അധ്യാപകരായി ജോലിയിൽ പ്രവേശിച്ചവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഈ വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ രേഖാമൂലം അറിയിക്കേണ്ടതും പരാമർശം(4) പ്രകാരം ഇവരെ പുതിയ തസ്തി കകളിലേക്ക് വിടുതൽ ചെയ്യേണ്ടാത്തതുമാകുന്നു.

കേരള ഫിനാൻഷ്യൽ കോഡ് പാർട്ട് 1 അദ്ധ്യായം 5 ചട്ടം 93(എ) പ്രകാരം റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് അനുസരിച്ച് സ്ഥാപനത്തിന്റെ ചാർജ്ജ് എടുക്കുകയും കൈമാറുകയും ചെയ്യാവുന്നതാണ്. സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകരുടെ സീരിയൽ നമ്പർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജിന്റെ (ആർ.റ്റി.സി) മുകൾഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. ആർ.റ്റി.സി യിൽ വീടിന്റെ മേൽവിലാസവും, വ്യക്തിഗത ടെലിഫോൺ നമ്പരും താഴെയായി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത ആർ.ടി.സി കൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് അല്ലെങ്കിൽ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കുന്നതിനായി ലഭ്യമാക്കുന്ന അപേക്ഷയോടൊപ്പം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

സ്ഥാനക്കയറ്റം അനുവദിച്ച ഉദ്യോഗസ്ഥൻ പരാമർശം(2) സർക്കുലർ പ്രകാരമുള്ള സ്ഥാനക്കയറ്റത്തിന് അർഹത നേടിയ ഉദ്യോഗസ്ഥനാണെങ്കിൽ സർക്കുലർ വ്യവസ്ഥ പ്രകാരം എസ്.സി, എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന അധ്യാപകർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്ന് 3 വർഷത്തെ ഇളവുമാത്രമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ഈ ഉത്തരവ് തീയതി മുതൽ 3 വർഷം പൂർത്തിയാകുമ്പോൾ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയില്ലായെങ്കിൽ നൽകിയ സ്ഥാനക്കയറ്റം

റദ്ദ് ചെയ്ത് തരംതാഴ്ത്തുന്നതാണെന്നും അറിയിക്കുന്നു. യോഗ്യതാ പരീക്ഷ നേടിയതിനുശേഷം മാത്രമേ ഇവരുടെ നിരീക്ഷണകാലം പൂർത്തീകരിച്ച് നൽകുകയുള്ളു. ഇത്തരം അപേക്ഷകൾ ഈ കാര്യാലയത്തിലേക്ക് ശുപാർശ ചെയ്യുവാൻ പാടുള്ളൂ, ഇത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 3 വർഷത്തിനുള്ളിൽ ടി അധ്യാപകർ മതിയായ ഡിപ്പാർട്ട്മെന്റൽ യോഗ്യതകൾ നേടിയിട്ടില്ലായെങ്കിൽ ഇവരുടെ തരംതാഴ്ത്തൽ നടപടിയുടെ ആദ്യനടപടിക്രമങ്ങൾ സ്വീകരിച്ചശേഷം തരംതാഴ്ത്തൽ നടപടിക്കായുള്ള ശുപാർശ സഹിതം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ സമയബന്ധിതമായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിക്കേതാണ്. ഈ ഉത്തരവിലെ സ്ഥാനക്കയറ്റം നേടിയ ഉദ്യോഗസ്ഥന്റെ ടെസ്റ്റ് യോഗ്യത സംബന്ധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള പരിശോധനകൾ വിദ്യാഭ്യാസ ഉപഡയറക്ടർ നടത്തേണ്ടതാണ്.

**സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (www.education.kerala.gov.in DGE Announcements) ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു. സ്ഥാപന മേധാവികൾക്ക് ഈ ഓഫീസിൽ നിന്നും പ്രത്യേകമായി ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.**

**സ്ഥലംമാറ്റം ലഭിച്ച പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പുതുതായി സ്ഥലംമാറ്റം ലഭിച്ച ആഫീസിൽ അധികാരം ഏറ്റെടുത്ത ശേഷം തങ്ങളുടേയും പുതിയ ഓഫീസിലെ ഒരു ജീവനക്കാരന്റെയും പെൻ നമ്പർ ഈകാര്യാലയത്തിലെ 0471-2580512 എന്ന ഫോൺ നമ്പരിൽ ഉടൻ തന്നെ വിളിച്ചറിയിക്കേണ്ടതാണ്.**

സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിലേക്ക് നടത്തിയിരിക്കുന്ന സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ ആയത് പുന:പരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

മേൽ സൂചിപ്പിച്ച സ്ഥലംമാറ്റ / സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ടവരിൽ 2023 ലെ എസ്.എസ്.എൽ.സി പൊതുപരീക്ഷാ ചുമതലകളിൽ ഏർപ്പെട്ടിട്ടുള്ളവർ പ്രസ്തുത ഉത്തരവാദിത്തം മറ്റ് തടസ്സങ്ങൾ കൂടാതെ നിർവ്വഹിക്കേണ്ടതും പരീക്ഷാ ജോലികൾ പൂർണ്ണമായും അവസാനിച്ച ശേഷം പുതിയ ലാവണത്തിലേയ്ക്ക് വിടുതൽ ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
**ജീവൻ ബാബു. കെ, ഐ.എ.എസ്,**
പൊതുവിദ്യാഭ്യാസ ഡയറക്ടർ, കേരളം,
തിരുവനന്തപുരം

**//അംഗീകാരത്തോടെ //**

**സൂപ്രണ്ട്**

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട പ്രധാനാധ്യാപകർക്ക് (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന)
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട അധ്യാപകർക്ക് (ബന്ധപ്പെട്ട പ്രധാനാധ്യാപകർ മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡി4 വിഭാഗം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
6. സി.ഇ.ഒ കൈറ്റ് ( ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി